**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ(റിട്ട) ശ്രീ. കെ. ദിനേശന് സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ.(സാധാ) നം.442/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 14/02/2018

---

പരാമർശം:- 1. സ.ഉ(പി) നം. 3000/98/ധന തീയതി 25.11.1998

2. സ.ഉ(പി) നം.145/2006/ധന തീയതി 25.03.2006

3. സ.ഉ(പി) നം. 85/2011/ധന തീയതി 26.02.2011

4. തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.01.2015, 15.02.2017, 19.06.2017, 04.10.2017 എന്നീ തീയതികളിലെ ഇ 1/5839/2011/സി.ഇ/ തസ്വഭവ നമ്പർ കത്തുകൾ.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ(റിട്ട) ശ്രീ. കെ. ദിനേശന് പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 5(1)(ബി)(6) പ്രകാരം കെ.എസ്.ആർ ഭാഗം I ലെ ചട്ടം 28A പ്രകാരമുള്ള ശമ്പള നിർണ്ണയ ആനുകൂല്യത്തോടെ 19.03.2004 മുതൽ 7200-11400 രൂപ ശമ്പള സ്കെയിലിൽ ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ചതിനു ശേഷം മാത്രമേ ടിയാന് തുടർന്നുള്ള വാർഷിക ഇൻക്രിമെന്റുകൾ അനുവദിക്കേണ്ടതുള്ളൂ. 2004, 2009 എന്നീ വർഷങ്ങളിലെ ശമ്പള പരിഷ്കരണങ്ങളിൽ ടിയാന്റെ ശമ്പളം യഥാക്രമം 11910-19350 രൂപ, 22360-37940 രൂപ ശമ്പള സ്കെയിലുകളിൽ പരിഷ് ക്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്.

ശ്രീ. കെ. ദിനേശൻ, അസി. എഞ്ചിനീയർ തസ്തികയിൽ 16 വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ, ടിയാന് പരാമർശം (3) ഉത്തരവിലെ ഖണ്ഡിക 9 ഉം അനുബന്ധം III ലെ പട്ടിക II ഉം പ്രകാരം കെ.എസ്.ആർ ഭാഗം I ലെ ചട്ടം 28A പ്രകാരമുള്ള ശമ്പള നിർണ്ണയ ആനുകൂല്യത്തോടെ 19.03.2010 മുതൽ 24040-38840 രൂപ ശമ്പള സ്കെയിലിൽ രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചും ഉത്തരവാകുന്നു. ടിയാന് രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് 19.03.2010 പ്രാബല്യത്തിൽ അനുവദിച്ച സാഹചര്യത്തിൽ 06.04.2010 ന് അസിസ്റ്റന്റ് എക്സി. എഞ്ചിനീയറായി പ്രൊമോഷൻ ലഭിച്ച സന്ദർഭത്തിൽ ടിയാന്റെ ശമ്പള നിർണ്ണയം നടത്തേണ്ട ആവശ്യമില്ലാത്തതും ടിയാന്റെ ശമ്പളം സമയബന്ധിത ശമ്പള സ്കെയിലിൽ തന്നെ തുടരേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജിത്ത്. വി.പി**

അണ്ടർ സെക്രട്ടറി

1 ശ്രീ. കെ. ദിനേശൻ, അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ (റിട്ട) *(ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)*

2 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (~~സേവന പുസ്തകം സഹിതം~~)

3 അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ

4 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

5 വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

6 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.